015596

# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2014-15 – സഹകരണ സ്ഥാപനങ്ങൾ മുഖേന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പലിശ രഹിത വായ്പ നൽകുന്നതിനുള്ള ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം. 40/2015/സഹ തീയതി, തിരുവനന്തപുരം, 25.03.2015**

---

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 13.08.2014, 18.11.2014, എന്നീ തീയതികളിലെ സി.ജി(1) 32116/2014 നമ്പർ കത്തുകൾ.

## ഉത്തരവ്

സർക്കാരിന്റെ "മാലിന്യമുക്ത കേരളം" എന്ന ലക്ഷ്യം നടപ്പിലാക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ മുഖേന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പലിശരഹിത വായ്പ നൽകുവാൻ ധനസഹായം നൽകുന്നതിന് 2014-15 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നു. സഹകരണ വകുപ്പിന്റെ "മിഷൻ 676" കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി 301 മുതൽ 400 ദിവസങ്ങൾക്കകം 500 ബയോഗ്യാസ് പ്ലാന്റുകളും 601 മുതൽ 676 ദിവസങ്ങൾക്കകം 500 ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിന് പലിശ രഹിത വായ്പ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

2. 10.07.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗപ്രകാരം മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ മുഖേന ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കരട് പലിശ രഹിത വായ്പാ ചട്ടങ്ങൾ അംഗീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശ കത്തുകൾ പ്രകാരം പ്രസ്തുത പലിശ രഹിത വായ്പാ ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവ് നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ "മാലിന്യമുക്ത കേരളം" എന്ന ലക്ഷ്യം നടപ്പിലാക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ മുഖേന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പലിശരഹിത വായ്പ

ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ചട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**വി. ഭൂഷൺ**
**അഡീഷണൽ സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (13.03.2015 ലെ 12031/അഗ്രി.സി1/15/ധന കുറിപ്പ് പ്രകാരം)
പ്ലാനിംഗ് വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*

# സഹകരണ വകുപ്പ്

## ബയോഗ്യാസ് പ്ലാന്റ് -പലിശ രഹിത വായ്പ പദ്ധതി

ഗാർഹിക ജൈവ മാലിന്യം സംസ്കരിച്ച് പാചക ഇന്ധനം ഉല്പാദിപ്പിക്കുന്നതിലേയ്ക്കായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖാന്തിരം ഒരു ക്യൂബിക്ക് വരെയുള്ള പ്ലാന്റുകൾക്ക് പരമാവധി 20,000 രൂപാ വരെ ഒരു കുടുംബത്തിന് ഒരു വർഷത്തെ കാലാവധിക്ക് പലിശ രഹിത വായ്പാ പദ്ധതി സംസ്ഥാനത്തൊട്ടാകെ സാധ്യമാക്കുന്നതിലേയ്ക്കായി ഒരു വീട്ടിൽ ഒരംഗത്തിന് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി സർക്കാരിന്റെ "മാലിന്യ മുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്ക്കാരത്തിനായി വായ്പാ സഹകരണ സംഘങ്ങൾ മുഖേന പദ്ധതി നേരിട്ട് നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## പദ്ധതിയുടെ ലക്ഷ്യം.

മാലിന്യ മുക്ത കേരളം സാക്ഷാത്ക്കാരത്തിനായുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സഹായകരമായി മാലിന്യ സംസ്ക്കരണം, ഉത്ഭവ സ്ഥാനത്ത് തന്നെ നടത്തി ശുചിത്വം കൈവരിക്കുന്നതിനായി സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്ത് സഹകരണ സംഘങ്ങൾ മുഖേന അംഗങ്ങൾക്ക് വീടുകളിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നേരിട്ട് പ്രയോജനപ്പെടണം എന്ന ഉദ്ദേശ ലക്ഷ്യത്തോടെ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പലിശയില്ലാതെ ചെലവു കുറഞ്ഞ രീതിയിൽ വായ്പ ലഭ്യമാക്കി ഗാർഹിക മാലിന്യ സംസ്ക്കരണത്തിലൂടെ പാചക വാതക ഇന്ധനം ഉൽപാദനത്തിനും കമ്പോസ്റ്റ് ഉൽപാദനത്തിനും പദ്ധതി ലക്ഷ്യമിടുന്നു. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നതിലൂടെ അംഗങ്ങളുടെ വായ്പാ തിരിച്ചടവ് സുഗമാക്കുകയും ഇതിലൂടെ സഹകരണ സംഘങ്ങൾ/ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു.

## നിബന്ധനകൾ

1. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

2. തദ്ദേശ സ്വയം ഭരണ വകുപ്പ് /ശുചിത്വ മിഷൻ അംഗീകരിച്ച സേവന ദാതാക്കൾ നിർമ്മിക്കുന്ന ഒരു ക്യൂബിക്ക് വരെയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്കാണ് വായ്പ അനുവദിക്കുന്നത്. വായ്പാ കാലാവധി പരമാവധി ഒരു

വർഷം ആയിരിക്കുന്നതാണ്. വായ്പ തുക പരമാവധി 20000/-രൂപയായിരിക്കും

3. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന കാർഷിക അനുബന്ധ വായ്പകൾക്ക് കാലാകാലങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന പലിശ നിരക്ക് പദ്ധതിക്ക് ബാധകമായിരുക്കും. ഇപ്പോൾ ഇത് 11 % ആയി നിജപ്പെടുത്തിയിരിക്കുന്നു. നിഷ്കർഷിച്ചിട്ടുളള പലിശ നിരക്കിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി നൽകുന്ന വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നു.

4. വായ്പയുടെ മുതൽ വായ്പാകാലാവധിക്കകം വായ്പക്കാരൻ തിരിച്ചടക്കേണ്ടതാണ്.

5. വായ്പാ തുക ഉപയോഗിച്ച് ബയോഗ്യാസ്, പ്ലാന്റ് സ്ഥാപിച്ച് ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണത്തിനും പാചക വാതക ഉപയോഗത്തിനുമാണ് നൽകുന്നത്. പ്രസ്തുത പ്ലാന്റ് കൈമാറുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്തതായി ബോദ്ധ്യപ്പെട്ടാൽ കാലാവധി കണക്കാക്കാതെ വായ്പ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ വായ്പയുടെ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

6. വായ്പാ കാലാവധിക്കു ശേഷമുള്ള പലിശ ഈ പദ്ധതി പ്രകാരം ക്ലെയിം ചെയ്യാൻ പാടുള്ളതല്ല.

7. ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന വായ്പയുടെ വായ്പാകാലാവധിവരെയുള്ള പലിശ ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ പാടുള്ളതല്ല. ഇതിനായുള്ള ക്ലെയിം അതാതു സംഘങ്ങൾ/ബാങ്കുകൾ യഥാസമയം സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് സംഘം/ബാങ്ക് ഭരണസമിതിയും ചീഫ് എക്സിക്യൂട്ടിവും ഉറപ്പുവരുത്തേണ്ടതാണ്.

8. പലിശരഹിത വായ്പാപദ്ധതി പ്രകാരം മാലിന്യ സംസ്ക്കരണ പ്ലാന്റുകൾക്കായി വായ്പ എടുക്കുന്നവരുടെ വിശദ വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സംഘം/ബാങ്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

9. ഇപ്രകാരം സ്ഥാപിച്ച പ്ലാന്റുകൾക്ക്തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യ സംസ്ക്കരണ പ്ലാന്റുകൾക്ക് അനുവദിക്കുന്ന സബ്സിഡി കിട്ടുകയാണെങ്കിൽ ടി തുക വായ്പയെടുത്ത സംഘം/ബാങ്കിൽ അടച്ച് വായ്പയിൽ വരവ് വച്ചു കൊള്ളാം എന്ന സത്യവാങ്മൂലം ഓരോ അപേക്ഷകനിൽ നിന്നും സംഘം/ബാങ്ക് എഴുതി വാങ്ങേണ്ടതാണ്.

10. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം വായ്പക്കാരന്റേതാണ് ഉറപ്പു വരുത്തുന്നതിനായി വസ്തു നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് സംഘങ്ങൾ/ബാങ്കുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. പ്ലാന്റ് സ്ഥാപിക്കുമ്പോൾ

സേവന ദാതാക്കൾ വായ്പക്കാരന് നൽകുന്ന ബില്ലിന്റെ പകർപ്പും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

11. വായ്പക്കാരന്റെ സ്വന്തം ജാമ്യത്തിലും, മറ്റൊരു അംഗത്തിന്റെ ആൾ ജാമ്യത്തിലും വായ്പ അനുവദിക്കാവുന്നതാണ്. കൂടാതെ വായ്പ തുക ഉപയോഗിച്ച് സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റും സംഘത്തിന്റെ /ബാങ്കിന്റെ പേരിൽ ഹൈപ്പോതിക്കേറ്റ് ചെയ്യേണ്ടതാണ്.

12. വായ്പകൾ നൽകുമ്പോൾ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ തന്നെ ഇക്കാര്യത്തിലും സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കേണ്ടതാണ്.

13. റിസ്ക്ക് ഫണ്ടിൽ ടി വായ്പക്കാരനെ അംഗമാക്കേണ്ടതും വായ്പ തുകയ്ക്ക് ആനുപാതികമായ വിഹിതം ഈടാക്കേണ്ടതാണ്.

14. വായ്പതുക ബയോ ഗ്യാസ് സ്ഥാപിക്കാതെ വകമാറ്റി ഉപയോഗിക്കുന്നതായി, ബോദ്ധ്യപ്പെട്ടാൽ ദുരുപയോഗം ചെയ്യുന്ന വായ്പക്കാരിൽ നിന്നും കാലാവധി കണക്കാക്കാതെ വായ്പ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ വായ്പയുടെ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

15. പദ്ധതി നടത്തിപ്പിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ ഗ്രാന്റിനത്തിൽ വകയിരുത്തിയിട്ടുള്ള ശീർഷകത്തിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് വിനിയോഗിക്കുന്നതാണ്.

16. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പലിശ രഹിത വായ്പയ്ക്കുള്ള ക്ലെയിം സമർപ്പിക്കുന്നതിനുള്ള പ്രഫോർമകൾ അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ക്ലെയിം തുക ജൂൺ 30, സെപ്തംബർ 30,ഡിസംബർ 31,മാർച്ച് 31 എന്നീ പാദങ്ങളിൽ (ക്വാർട്ടറുകളിൽ) സമർപ്പിക്കേണ്ടതാണ്

## ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പലിശ രഹിത വായ്പ അപേക്ഷ ഫോറം

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും അംഗനമ്പരും | |
| 2 | മേൽ വിലാസം | |
| 3 | ആവശ്യപ്പെടുന്ന തുക | |
| 4 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം സംബന്ധിച്ച വിവരം | |
| 5 | അവകാശിയുടെ പേരും മേൽവിലാസവും അപേക്ഷകനുമായുള്ള ബന്ധവും | |
| | ജാമ്യക്കാരുടെ പേരും അംഗനമ്പരും മേൽവിലാസവും | 1)<br>2) |

### പ്രതിജ്ഞ

......................ആയ ഞാൻ മേൽപ്പറഞ്ഞ പ്രകാരമുള്ള സ്ഥലത്ത് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കാണ് വായ്പയ്ക്ക് അപേക്ഷിക്കുന്നതെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. ഈ വായ്പാ പദ്ധതി പ്രകാരം അനുവദിക്കുന്ന മേൽ വായ്പ സംഖ്യ പദ്ധതി പ്രകാരമുള്ള നിബന്ധനകളും, ബാങ്ക് കാലാകാലങ്ങളിൽ നിബന്ധനകളിൽ വരുത്തുന്ന മാറ്റങ്ങളും അംഗീകരിക്കുകയും ടി വായ്പ സംഖ്യ കാലാവധിയായ ഒരു വർഷത്തിനകം തിരിച്ചടച്ചു കൊള്ളാവുന്നതും, പദ്ധതിയിൽ പറഞ്ഞിരിക്കുന്ന ആവശ്യത്തിന് വേണ്ടി മാത്രം ടി വായ്പ സംഖ്യ വിനിയോഗിക്കുന്നതാണെന്നും അല്ലാത്ത പക്ഷം ടി വായ്പയ്ക്ക് സംഘം നിശ്ചയിക്കുന്ന സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന കാർഷികേതര വായ്പയുടെ ഉയർന്ന പലിശനിരക്ക് എന്നിൽ നിന്ന് ഈടാക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

സ്ഥലം

ഒപ്പ്
പേര്,

തീയതി :

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പലിശരഹിത വായ്പ പദ്ധതി പ്രകാരം ശ്രീ..........വാങ്ങുന്ന............രൂപയുടെ പലിശരഹിത വായ്പയ്ക്ക് ജാമ്യം നിൽക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണെന്നും ടി വായ്പ യഥാസമയം അടച്ചു തീർക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം ആയതിന്റെ മുഴുവൻ സംഖ്യയും ബാങ്ക്, നിശ്ചയിക്കുന്ന പലിശയും തിരിച്ചടയ്ക്കുന്നതിന് ഞങ്ങൾ ഒറ്റയ്ക്കും കൂട്ടായും ബാദ്ധ്യസ്ഥരാണെന്നും ഇതിനാൽ ബോധിപ്പിച്ചിരിക്കുന്നു.

ജാമ്യക്കാരൻ

| ക്രമ നം. | പേര് | അംഗനമ്പർ | ഒപ്പ് |
|---|---|---|---|
| 1) | | | |
| 2) | | | |

**ഓഫീസ് ഉപയോഗത്തിന് മാത്രം**

1.അപേക്ഷകന്റെ മുൻ കടങ്ങൾ :
സംബന്ധിച്ച വിവരങ്ങൾ

2. ജാമ്യക്കാരുടെ മുൻകടങ്ങളെ :
സംബന്ധിച്ച വിവരങ്ങൾ

3. സെക്രട്ടറിയുടെ ശുപാർശ

ഒപ്പ്
സെക്രട്ടറി/ചീഫ് എക്സിക്യൂട്ടിവ്

ഭരണസമിതി തീരുമാനം നമ്പർ      തീയതി :

അനുവദിച്ച സംഖ്യ (1) ..........................രൂപ

(2) ..........................രൂപ

ഒപ്പ്
പ്രസിഡന്റ്.

## വായ്പാ സംഘം/ബാങ്ക് സമർപ്പിക്കേണ്ട ക്ലയിം ഫോറം

**(ജൂൺ 30, സെപ്തംബർ 30, ഡിസംബർ 31, മാർച്ച് 31 എന്നീ പാദങ്ങളിൽ സമർപ്പിക്കേണ്ടത്)**

1. സംഘത്തിന്റെ പേര് :
2. വായ്പ എടുത്ത വരുടെ എണ്ണം :
3. സാമ്പത്തിക വർഷം :
4. ആകെ വിതരണം ചെയ്ത വായ്പ തുക :
5. അർഹതപ്പെട്ട പലിശ (രൂപ) :

ക്വാർട്ടർ-

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ക്രമ നം. | വായ്പ ക്കാരന്റെ പേര് | വായ്പ തുക | നൽകിയ തീയതി | പലിശ നിരക്ക് | സ്ഥാപിച്ച പ്ലാന്റുകളുടെ എണ്ണം | അർഹതപ്പെട്ട പലിശ (രൂപ) |
| | | | | | | |
| ആകെ | | | | | | |

ചീഫ് എക്സിക്യൂട്ടിവ്/സെക്രട്ടറി

## അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് രജിസ്ട്രാർ(ജനറൽ) സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ട ക്ലയിം ഫോറം.

**(ജൂൺ 30, സെപ്തംബർ 30, ഡിസംബർ 31, മാർച്ച് 31 എന്നീ പാദങ്ങളിൽ സമർപ്പിക്കേണ്ടത്)**

ക്വാർട്ടർ-

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ക്രമ നം. | പ്രാഥമിക സഹക രണ ബാങ്കിന്റെ പേര് | വായ്പ എടുത്ത വരുടെ എണ്ണം | സാമ്പത്തിക വർഷം | വായ്പ തുക | അർഹത പ്പെട്ട പലിശ (രൂപ) | സ്ഥാപിച്ച പ്ലാന്റുക ളുടെ എണ്ണം |
| | | | | | | |
| ആകെ | | | | | | |

അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (ജനറൽ)